**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 505 **30.06.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ ശോചനീയാവസ്ഥ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഭൂരഹിതർ, ഭവനരഹിതർ, വൈദ്യുതി ലഭ്യത ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, നല്ല ഗതാഗത സൗകര്യമില്ലാത്തവർ, ഇങ്ങനെ കഷ്ടത അനുഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര പാക്കേജ് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനും ഭവനങ്ങളുടെ അറ്റകുറ്റപണികൾക്കും പ്രത്യേക പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. പ്രസ്തുത പദ്ധതികൾ വഴി ഈ പ്രശ്നം പരിഹരിക്കാനാവുന്നില്ലെങ്കിൽ പ്രത്യേക പാക്കേജ് പരിഗണിക്കുന്നതാണ്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും നൽകുന്നതിനും ഊരുകളിലെ അടിസ്ഥാന സൗകര്യത്തിനുമുള്ള സമഗ്ര പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനു പുറമേ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര പാക്കേജ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.<br>• ഭൂമിയില്ലാത്തവർക്ക് ഭൂമി<br>• സമ്പൂർണ്ണ ഭവന നിർമ്മാണം<br>• തൊഴിലുറപ്പ് പദ്ധതി<br>• എല്ലാ കോളനികളിലും ശുദ്ധമായ കുടിവെള്ളം<br>• വൈദ്യുതി<br>• ആരോഗ്യമേഖലയെ പരിപോഷിപ്പിക്കൽ / ബോധവത്ക്കരിക്കൽ |

| | | | |
|---|---|---|---|
| | | | • വിദ്യാഭ്യാസത്തിനായി അംഗൻവാടികൾ/ സ്കൂളുകൾ/ ഹോസ്റ്റലുകൾ ആരംഭിക്കലും നിർമ്മാണവും<br>• ഗർഭിണികളായ അമ്മമാർക്കും കൗമാര പ്രായക്കാരായ ആൺകുട്ടികൾ, പെൺകുട്ടികൾ , കുഞ്ഞുങ്ങൾ എന്നിവർക്കും പോഷകാഹാരം ഉറപ്പ് വരുത്തൽ<br>• അടിയ, പണിയ, ഹിൽപുലയ, അരനാടൻ, മലൈപണ്ടാരം, പ്രാക്തന ഗോത്രവർഗ്ഗക്കാർ എന്നീ സമുദായക്കാരുടെ തൊഴിൽ പരിശീലനവും നൈപുണ്യ വികസനവും |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, അവർക്ക് ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നിലവിൽ നൽകി വരുന്നത്.<br>പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന വിവിധ ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി<br>• ജില്ലാതലത്തിലും ഫീൽഡ് തലത്തിലും മോണിറ്ററിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്<br>• ഊരുകൂട്ടം ശക്തിപ്പെടുത്തിയും പൊതു മാധ്യമങ്ങളെ ഉപയോഗിച്ചും സർക്കാരിന്റെ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് ബോധവത്ക്കരണം നടത്തുന്നു<br>• ആഡിറ്റ് ഉൾപ്പടെയുള്ള പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നു.<br>• എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധാറുമായി ബന്ധപ്പെടുത്തി ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്ന നടപടി പൂർത്തിയായി വരുന്നു. ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മറ്റിയുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ